**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4047** | **09-08-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് പോകുന്ന പരപ്പനങ്ങാടി-പാറക്കടവ്, തിരൂരങ്ങാടി-മുട്ടിച്ചിറ എന്നീ പൊതുമരാമത്ത് റോഡുകൾ, ലാൻഡ് അക്വിസിഷനിലൂടെ വീതികൂട്ടി ആവശ്യമായ സ്ഥലം ഉയർത്തി വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുവാൻ ഡ്രൈനേജ് സ്ഥാപിക്കുന്നതടക്കമുള്ള നവീകരണ പ്രവൃത്തികൾക്ക് തുക അനുവദിച്ച് നൽകുമോ; | (എ) | പ്രസ്തുത റോഡുകളിലെ താഴ്ന്ന ഭാഗങ്ങൾ പരിശോധിച്ച് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം എന്നാവശ്യപ്പെട്ട് ബഹു.വള്ളിക്കുന്ന് എം.എൽ.എ. മുൻ സർക്കാരിന്റെ കാലത്ത് ബഹു. മരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ റിപ്പോർട്ടിനായി മഞ്ചേരി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ബഹു. മന്ത്രി നിർദ്ദേശം നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ബഹു.മന്ത്രിയുടെ ഓഫീസിലേക്ക് റിപ്പോർട്ട് നൽകിയിരുന്നു. ടി വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനക്കായി ലഭിച്ചിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത റോഡുകളിലെ താഴ്ന്ന ഭാഗങ്ങൾ പരിശോധിച്ച് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം എന്നാവശ്യപ്പെട്ട് ബഹു.വള്ളിക്കുന്ന് എം.എൽ.എ. മുൻ സർക്കാരിന്റെ കാലത്ത് ബഹു. മരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ റിപ്പോർട്ടിനായി മഞ്ചേരി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ബഹു. മന്ത്രി നിർദ്ദേശം നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ബഹു.മന്ത്രിയുടെ ഓഫീസിലേക്ക് റിപ്പോർട്ട് നൽകിയിരുന്നു. ടി വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനക്കായി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ